ശ്രീ. പി. ശങ്കരൻ : ഞാൻ ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. സെപ്പറേറ്റ് ഐഡന്റിറ്റിയുള്ള സ്ഥാപനമാക്കി അതിനെ നിലനിർത്തും. തൽക്കാലം മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്ന് രണ്ട് വാർഡുകൾ മാറ്റി ആ വാർഡുകളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കും. ഡബ്ല്യൂ.എച്ച്.ഒ., വേൾഡ് ബാങ്ക്, മറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് ഏജൻസീസ് തുടങ്ങിയവയുടെ സഹായം തേടുകയും പ്രവർത്തനം ഈ വർഷംതന്നെ തുടങ്ങുന്നതിന് ഒരുകോടി രൂപയുടെ സപ്ലിമെന്ററി ഗ്രാന്റിനുവേണ്ടി ശ്രമിക്കുകയും ചെയ്യും. ജനപ്രതിനിധികളെ ഉൾപ്പെടുത്തി സൊസൈറ്റി വിപുലീകരിക്കും.

(3) കാസർകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കാസർകോട് ജില്ലയിലെ ഏക കെ.എസ്.ആർ.ടി.സി. ഡിപ്പോയാണ് ഇപ്പോൾ അവിടെയുള്ളത്. മൂന്നു-മൂന്നര ഏക്കർ സ്ഥലമുണ്ട്. പക്ഷേ, പഴയ കെട്ടിടങ്ങളൊക്കെ ലേലം ചെയ്ത് വിറ്റു. പുതിയ ഷോപ്പിംഗ് കോംപ്ലക്സ്-കം-ഓഫീസ് ബിൽഡിംഗിന്റെ പണി ആരംഭിക്കുമെന്ന് പറഞ്ഞു. ഇതുവരെ തുടങ്ങിയിട്ടില്ല. ചോർന്നൊലിക്കുന്ന കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. കുട്ടികൾ യാത്ര ചെയ്തു കൊണ്ടിരുന്ന പല ബസ്സുകളും വെക്കേഷൻ കാലത്ത് നിർത്തലാക്കി. സ്കൂൾ തുറന്നിട്ടും ആ ബസ്സുകളൊന്നും പുനരാരംഭിച്ചിട്ടില്ല. തലസ്ഥാനത്തുനിന്നും ബസ് ഇല്ലാത്ത ഏക ജില്ലാ ഹെഡ്ഡ് ക്വാർട്ടേഴ്സാണ് കാസർകോട്. ബാംഗ്ലൂരിലേയ്ക്ക് പൊയ്ക്കൊണ്ടിരുന്ന ലാഭമുള്ള റൂട്ടുകളിലെ പല ബസ്സുകളും ഇപ്പോൾ ഓടുന്നില്ല. വളരെ കഷ്ടമാണ്. ഈ പ്രശ്നം പരിഹരിക്കണം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, കാസർകോട് ഡിപ്പോ ഞാൻ 1996-ൽ മന്ത്രിയായിരിക്കുമ്പോൾ തുടങ്ങിയതാണ്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികസ്ഥിതി വളരെ മോശമാണെങ്കിലും കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ നന്നാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. വളരെ പഴക്കം ചെന്നത്, നന്നാക്കാൻ കഴിയാത്തത് പൊളിച്ചുമാറ്റാനും തീരുമാനിച്ചിട്ടുണ്ട്. ചുറ്റും കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. കോൺട്രാക്ട് ഫിക്സ് ചെയ്തുകൊടുത്തിട്ടുണ്ട്. ബി.ഒ.ടി. അടിസ്ഥാനത്തിൽ അവിടെ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ശ്രീ. സി. ടി. അഹമ്മദ് അലിയും, ശ്രീ. ചെർക്കളം അബ്ദുള്ളയും ഈ കാര്യം പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കാസർകോട് പുതിയ കെട്ടിടവും ഷോപ്പിംഗ് കോംപ്ലക്സും ഉണ്ടാക്കുന്നതിനുള്ള നടപടികൾക്ക് മുൻഗണന കൊടുത്തിട്ടുണ്ട്. കിട്ടാവുന്ന സാമ്പത്തിക സഹായത്തിക്കെത്ത് നിന്നുകൊണ്ട് ചെയ്യാവുന്നതൊക്കെ ചെയ്യാം. അതുമാത്രമേ ഇപ്പോൾ പറയുന്നുള്ളൂ.

(4) കൊച്ചി-മധുര നാഷണൽ ഹൈവേയുടെ പുറ്റിംഗൽ-ദേവികുളം സെക്ഷൻ അടച്ചുപൂട്ടിയതിനെത്തുടർന്നുള്ള പ്രയാസങ്ങൾ

ശ്രീ. എ. കെ. മണി : സർ, മധുര-കൊച്ചിൻ, കൊച്ചിൻ-കോയമ്പത്തൂർ എന്നീ രണ്ട് റോഡുകൾ (എൻ.എച്ച്.) എന്റെ മണ്ഡലത്തിൽക്കൂടിയാണ് കടന്നുപോകുന്നത്. കാലവർഷം തുടങ്ങിയപ്പോൾ രണ്ട് റോഡുകളും കംപ്ലീറ്റായി തകർന്നിടിഞ്ഞു കിടക്കുകയാണ്. ഈ രണ്ടു റോഡുകളും ഹൈറേഞ്ചിൽ കൂടി

LIBRARY ARCHIVES Kerala Legislative Assembly

കടന്നുവരുന്ന റോഡുകളാണ്. ഈ രണ്ട് റോഡുകളും തകർന്നുകിടക്കുന്നതുകൊണ്ട് ജനങ്ങൾക്ക് നിത്യോപയോഗസാധനങ്ങൾ കൊണ്ടുവരാനും യാത്ര ചെയ്യാനും വളരെയധികം ബുദ്ധിമുട്ടുണ്ട്. എത്രയും വേഗം നടപടി സ്വീകരിച്ച് റോഡുകൾ നന്നാക്കി സഞ്ചാരയോഗ്യമാക്കിത്തീർക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ സംസ്ഥാനത്തുണ്ടായ കാലവർഷം മലയോരജില്ലയായ ഇടുക്കിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലൂടെ കടന്നുപോകുന്ന ദേശിയപാത-49-ൽപ്പെട്ട പൂപ്പാറ-ദേവികുളം ഭാഗത്ത് മഴയെത്തുടർന്ന് ഉണ്ടായ മലയിടിച്ചിൽ ഗതാഗത തടസ്സത്തിന് കാരണമായിട്ടുണ്ട്. ദേശീയ പാതാ വിഭാഗം ചീഫ് എൻജിനീയർ നേരിട്ടുതന്നെ 27-6-2003-ൽ സ്ഥലം സന്ദർശിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ ഗതാഗതം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മരാമത്ത് പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. എത്രയുംവേഗം ഈ റോഡിലൂടെ ഗതാഗതം പുനഃസ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(5) രാമക്കൽമേട്ടിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുണാപുരം പഞ്ചായത്തിലെ രാമക്കൽമേട്ടിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി മുടങ്ങിക്കിടക്കുകയാണ്. അതിലൊരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്. ഈ പദ്ധതിയുടെ തൊട്ടടുത്തുതന്നെ തമിഴ്നാട് ഗവൺമെന്റ് ഇപ്പോൾ ഒരു പദ്ധതി ആരംഭിച്ചിരിക്കുകയാണ്. തമിഴ്നാട് ഗവൺമെന്റ് പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ നമുക്ക് പദ്ധതി തുടങ്ങാൻ കഴിയില്ല. വളരെയധികം വൈദ്യുതി പ്രതിസന്ധി നേരിടുന്ന ഈ സന്ദർഭത്തിൽ ഗവൺമെന്റ് ഈ പദ്ധതി ആരംഭിക്കുന്നത് വളരെ നല്ലതാണ്, ഗുണം ചെയ്യുന്നതാണ്. ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ഈ പരിപാടി ആരംഭിക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രാമക്കൽമേട്ടിനടുത്ത് ചില്ലിക്കാനം എന്ന സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു കാറ്റാടിപ്പാടം ഡെമോൺസ്ട്രേഷൻ പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്നതിന് അനെർട്ട് തയ്യാറാക്കിയിട്ടുള്ള പദ്ധതി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 17.79 ഏക്കർ സ്ഥലത്തിനായി ഉടുമ്പൻചോല തഹസിൽദാരുടെ റിപ്പോർട്ട്പ്രകാരം 4,95,350 രൂപ അനർട്ടിന്റെ ഫണ്ടിൽനിന്ന് നൽകിയെടുക്കുന്നതിന് 10-3-2003-ൽ ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ് അനെർട്ടിന് എഴുതിയിട്ടുണ്ട്. ഇവിടെനിന്ന് 100 മെഗാവാട്ട് വൈദ്യുതിയെങ്കിലും ഉണ്ടാക്കാമെന്നാണ് സർവ്വേ വെളിപ്പെടുത്തിയിട്ടുള്ളത്. ഈ വൈദ്യുതി ഉൽപ്പാദനം കാര്യക്ഷമമായി നടത്താൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കൂടി ആവശ്യമായ ശുപാർശകൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി വകുപ്പിന്റെ നിർദ്ദേശപ്രകാരം ഈ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽനിന്ന് ഇതിൽ താൽപ്പര്യമുള്ളവരുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് പത്രപ്പരസ്യം മുഖേന ക്ഷണിക്കുകയും അതു നൽകുകയും അതിന്റെ തുടർനടപടികൾ നടന്നു വരികയുമാണ്. പദ്ധതി എത്രയും വേഗം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly